**പതിനാലാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത 30.01.2019 ലെ മറുപടിയ്ക്ക്.

ചോദ്യം നം. 730

## പട്ടികജാതി പട്ടികഗ്രോത്ര വർഗ്ഗങ്ങളുടെ സാമൂഹ്യ സാമ്പത്തിക സ്ഥിതി

| ചോദ്യം<br>ശ്രീ. വി.പി. സജീന്ദ്രൻ | | ഉത്തരം<br>എ. കെ. ബാലൻ<br>പട്ടിക ജാതി - പട്ടിക വർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ മന്ത്രി | |
|---|---|---|---|
| (എ) | പട്ടികജാതി പട്ടികഗോത്ര വർഗ്ഗങ്ങളുടെ സാമൂഹ്യ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിനായി ഈ സർക്കാർ ആവിഷ്കരിച്ച പദ്ധതികൾ വ്യക്തമാക്കുമോ; | (എ) | പട്ടികജാതിക്കാരുടെ സാമൂഹ്യ സാമ്പത്തിക ഉന്നമനം ലക്ഷ്യമിട്ട് വകുപ്പ് നടപ്പിലാക്കി വരുന്ന വിവിധ തൊഴിൽദായക പരിശീലന പരിപാടികൾ ചുവടെ ചേർക്കുന്നു.<br>1) അഭ്യസ്തവിദ്യരും, തൊഴിൽ രഹിതരുമായ പട്ടികജാതി വിഭാഗക്കാർക്ക് കമ്പ്യൂട്ടറധിഷ്ഠിത തൊഴിൽ ലഭിക്കുന്നതിനായി വിവിധ കോഴ്സുകൾ കെൽട്രോൺ, സി-ഡിറ്റ്, സൈബർ ശ്രീ എന്നീ സ്ഥാപനങ്ങൾ വഴി നടത്തി വരുന്നു.<br>2) പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവാക്കൾക്ക് ജെ.സി.ബി., ഹിറ്റാച്ചി ഓപ്പറേറ്റേഴ്സ് എന്നിങ്ങനെ വിവിധ കോഴ്സുകളിൽ പരിശീലനം നൽകി തൊഴിൽ ലഭ്യമാക്കുന്ന പദ്ധതി നടത്തി വരുന്നു.<br>3) സ്റ്റാർട്ട് അപ് മിഷന്റെ കീഴിൽ മണ്ണന്തലയിൽ പ്രവർത്തിക്കുന്ന സ്റ്റാർട്ടപ്പ് ഡ്രീംസിൽ എൻറോൾ ചെയ്ത് പ്രവർത്തിച്ചു വരുന്ന സ്റ്റാർട്ടപ്പുകൾക്ക് പലിശരഹിത സീഡ് ലോൺ ലഭ്യമാക്കുന്നതിന് റിവോൾവിംഗ് ഫണ്ട് നൽകി വരുന്നു.<br>4) പട്ടികജാതി യുവാക്കൾക്ക് സൈനിക പരിശീലനം നൽകി സൈന്യത്തിൽ പ്രവേശനം ഉറപ്പിക്കുന്നതിനായി പ്രീ- |

| | | | |
|---|---|---|---|
| | | | റിക്രൂട്ട്മെന്റ് ട്രെയിനിംഗ് കോഴ്സ് എന്ന പദ്ധതി.<br>5) വിദേശത്ത് തൊഴിൽ തേടുന്ന പട്ടികജാതി യുവജനങ്ങൾക്ക് സാമ്പത്തിക സഹായം അനുവദിക്കുന്ന പദ്ധതി.<br>6) സ്വയം തൊഴിൽ സംരംഭം ആരംഭിക്കുന്ന യുവതീ യുവാക്കൾക്ക് വകുപ്പ് മുഖേന പരമാവധി ഒരു ലക്ഷം രൂപയും ഗ്രൂപ്പുകൾക്ക് 10 ലക്ഷം രൂപവരെയും സബ്സിഡി അനുവദിക്കുന്ന പദ്ധതി.<br>7) പട്ടികജാതി വിഭാഗത്തിൽപ്പെട്ട 134 യുവതീയുവാക്കളെ കരാർ അടിസ്ഥാനത്തിൽ താലൂക്ക്/ജില്ലാ/ജനറൽ ആശുപത്രികളിൽ നഴ്സായി രണ്ടു വർഷത്തേയ്ക്ക് നിയമിക്കുന്ന പദ്ധതി.<br>8) സ്വാശ്രയ സംഘങ്ങൾക്ക് സ്വയം തൊഴിൽ ധനസഹായ പദ്ധതി<br>9) SCA to SCSP പദ്ധതി പ്രകാരവും കാർഷിക കാർഷികേതര മേഖലകളിൽ നിരവധിപേർക്ക് തൊഴിലും വരുമാനവും നൽകുന്ന പദ്ധതികളും വകുപ്പ് നടപ്പാക്കി വരുന്നുണ്ട്.<br>10) പെൺകുട്ടികളുടെ സാമൂഹ്യ സാമ്പത്തിക സുരക്ഷയ്ക്കായി വാത്സല്യനിധി ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കി<br>കൂടാതെ പട്ടികജാതി യുവതീയുവാക്കൾക്ക് ഹൗസ് കീപ്പിംഗ്/ഫുഡ് ആന്റ് ബിവറേജസ് സർവ്വീസസ് പരിശീലനം മ്യൂറൽ പെയിന്റിംഗ് ആന്റ് ഗ്ലാസ് ആർട്ട് എന്നിവയിലുള്ള പരിശീലനം വനിതകൾക്ക് വിദേശത്ത് തൊഴിൽ ലഭിക്കുന്നതിന് IELTS/TOEFL പ്രോഗ്രാം, നഴ്സിംഗ് എലിജിബിലിറ്റി പ്രോഗ്രം എന്നിവയും ഓട്ടോ മൊബൈൽ എഞ്ചിനീയറിംഗിലുള്ള അഡ്വാൻസ്ഡ് ട്രെയിനിംഗം, ഓയിൽ ആന്റ് റിഗ് സ്കിൽ പ്രോഗ്രാം, പഞ്ചകർമ്മയിൽ ഡിപ്ലോമ, ആയുർവേദ നഴ്സിംഗ് ഡിപ്ലോമ, ഗ്രാഫിക് ആന്റ് വെബ് ഡിസൈനിംഗ് കോഴ്സ്, ബാങ്കിംഗ് & ഫിനാൻഷ്യൽ സർവ്വീസസ് കോഴ്സ് എന്നിവയും വിവിധ ഏജൻസികൾ മുഖേന പട്ടികജാതി വിഭാഗത്തിലെ അഭ്യസ്ത വിദ്യരായ |

| | | | |
|---|---|---|---|
| | | | വിദ്യാർത്ഥികൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിനായി വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളാണ് വകുപ്പിന്റെ കീഴിലുള്ള ഐ.ടി.ഐ.കളിൽ നിന്നും പഠിച്ചിറങ്ങുന്ന കുട്ടികൾക്കുവേണ്ടി തൊഴിലധിഷ്ഠിത കോഴ്സുകൾ, നൈപുണ്യ വികസന പദ്ധതികൾ, പ്ലേസ്മെന്റിനായി ജോബ്ഫോർ സോഫ്റ്റ് സ്കിൽ പരിശീലനങ്ങളും വിവിധ തരത്തിലുള്ള വരുമാനദായക പദ്ധതികളും നടപ്പിലാക്കി വരുന്നു.<br>പട്ടികവർഗ്ഗവികസന വകുപ്പ് പട്ടികഗോത്രവർഗ്ഗ വിഭാഗക്കാരുടെ സാമൂഹ്യ സാമ്പത്തിക ഉന്നമനത്തിനായി തൊഴിൽ, നൈപുണ്യവികസത്തിലൂടെയുള്ള സംരംഭകത്വവികസനം, ജീവനോപാധി പ്രവർത്തനങ്ങൾ എന്നിവ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്നു.<br>പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് സ്ഥിരമായ ജീവനോപാധി ലഭ്യമാക്കുന്നതിന് വകുപ്പ് ധാരാളം പരിപാടികൾ നടപ്പിലാക്കി വരുന്നു. പട്ടികവർഗ്ഗക്കാരുടെ മാനവശേഷി വർദ്ധിപ്പിക്കുന്നതിന് പ്രധാനമായും ഊന്നൽ നൽകുന്നത് നൈപുണ്യ വികസനവും പരമ്പരാഗതതൊഴിൽ പ്രോത്സാഹനവുമാണ്. ഇതിന്റെ ഭാഗമായി സംസ്ഥാനത്തിന് അകത്തും പുറത്തുമുള്ള പ്രശസ്ത തൊഴിൽ നൈപുണ്യ വികസന സ്ഥാപനങ്ങളുമായി ചേർന്ന് പരിശീലന പരിപാടികൾ സംഘടിപ്പിച്ചുവരുന്നു. പട്ടികവർഗക്കാർക്ക് നിലവിൽ അനുവദിച്ച് വരുന്ന തൊഴിൽ ദിനങ്ങൾക്ക് പുറമെ നൂറ് ദിവസത്തെ അധിക തൊഴിൽ ദിനങ്ങൾ കൂടി സൃഷ്ടിക്കുന്നതിന് ട്രൈബൽ പ്ലസ് പദ്ധതി നടപ്പിലാക്കി വരുന്നു. ഇടുക്കി, വയനാട്, പാലക്കാട് എന്നീ ജില്ലകളിൽ **1400** യുവതീയുവാക്കളെയും വിവിധ തൊഴിൽദായക പ്രൈവറ്റ് സ്ഥാപനങ്ങളെയും ഉൾപ്പെടുത്തികൊണ്ട് കരിയർ ഗൈഡൻസ് ജോബ് ഫെയർ സംഘടിപ്പിച്ചു.<br>**2016-17** വർഷം മുതൽ ഗോത്രജീവിക പദ്ധതിപ്രകാരം **1170** തൊഴിൽരഹിതരെ കണ്ടെത്തി അവർക്ക് പ്രത്യേകിച്ചും നിർമ്മാണ മേഖലയിൽ മേസ്തിരി, കാർപെന്ററി, ഇലക്ട്രീഷ്യൻ, |

| | | | |
|---|---|---|---|
| | | | പ്ലംബിംഗ് തുടങ്ങിയ പ്രധാനമായും 7 ഇനങ്ങളിലുള്ള തൊഴിൽ നൈപുണ്യ പരിശീലനം നൽകി വരുന്നു<br>പട്ടികവർഗ്ഗ ശിശുമരണ നിരക്ക് കുറച്ചുകൊണ്ടു വരുന്നതിന് പോഷകാഹാര കുറവ് പരിഹരിക്കുന്നതിനായി കുടുംബശ്രീ മുഖേന കമ്മ്യൂണിറ്റി കിച്ചൻ പദ്ധതി നടപ്പിലാക്കി വരുന്നു. .<br>ലൈഫ് മിഷൻ പദ്ധതിയിൽ **2018 -19** വർഷം ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ട പട്ടികവർഗ്ഗ സങ്കേതങ്ങളിലെ ഭവന രഹിതർക്ക് ഭവന നിർമ്മാണ ധനസഹായം **6** ലക്ഷം രൂപയാക്കി വർദ്ധിപ്പിച്ചു<br>സംസ്ഥാനത്തെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഭൂരഹിതർക്ക് ഭൂമി നൽകുന്നതിനായി **2001** ൽ രൂപീകൃതമായതാണ് റ്റി.ആർ.ഡി.എം. അഥവാ ആദിവാസി പുനരധിവാസ വികസന മിഷൻ.<br>പട്ടികവർഗ വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളുടെ വിദ്യാഭ്യാസ ഉന്നതി ലക്ഷ്യമാക്കി സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതിയാണ് ഗോത്രവാൽസല്യ നിധി. നിർദ്ധനരും അനാഥരും നിലവിൽ **1** ലക്ഷം രൂപയിൽ താഴെ വരുമാനമുള്ളവരുമായ പട്ടികവർഗ കുടുംബങ്ങളിലെ പെൺകുട്ടികൾക്ക് വിവാഹധനസഹായം അനുവദിച്ച് വരുന്ന പദ്ധതി.<br>പട്ടികവർഗ്ഗക്കാരുടെ കടം എഴുതിതള്ളുന്ന പദ്ധതിയും നടപ്പിലാക്കി വരുന്നു. |
| (ബി) | നിലവിലുള്ള പട്ടികജാതി സഹകരണ സംഘങ്ങളെ ശക്തിപ്പെടുത്തുന്നതിനും, പുതിയവ ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ ; | (ബി) | ഉണ്ട്. നിലവിൽ സാമ്പത്തിക അച്ചടക്കമുള്ളതും മികച്ചരീതിയിൽ 5 വർഷക്കാലമായി പ്രവർത്തിക്കുന്നതും കഴിഞ്ഞ 3 വർഷത്തെ ഓഡിറ്റ് പൂർത്തിയാക്കിയിട്ടുള്ളതും അറ്റ നഷ്ടം 50% ത്തിൽ അധികരിക്കാത്തതുമായ പട്ടികജാതി സംഘങ്ങൾക്ക് ആനുകൂല്യം നൽകി വരുന്നു. മേൽ നിബന്ധനകൾ പ്രകാരം പല പട്ടികജാതി സംഘങ്ങൾക്കും ആനുകൂല്യം നൽകാൻ കഴിയുന്നില്ല. ടി സംഘങ്ങളെ ശക്തിപ്പെടുത്തുന്നതിനും പുതിയ സംഘങ്ങൾക്ക് സാമ്പത്തിക സഹായം അനുവദിക്കുന്നതിനുമായി നിലവിലുള്ള വ്യവസ്ഥകൾ ഭേദഗതി വരുത്തുന്നത് പരിഗണിച്ച് വരുന്നു. കൂടാതെ സംഘങ്ങളെ |

| | | | |
|---|---|---|---|
| | | | ശാക്തീകരിക്കുന്നതിനായി സഹകരണ വകുപ്പുമായി യോജിച്ചുകൊണ്ട് 'പുനർജനി' എന്ന പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട് |
| (സി) | പ്രസ്തുത സംഘങ്ങൾ ഉണ്ടാക്കുന്ന ഉല്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിന് ഗദ്ദിക പോലുള്ള വിപണന മേളകൾ സംഘടിപ്പിക്കുന്നതിലൂടെ സാധിക്കുന്നുണ്ടോ; ഇത്തരം മേളകൾ സംഘടിപ്പിക്കുന്നതിന് എന്തൊക്കെ സാമ്പത്തിക സഹായമാണ് നൽകുന്നതെന്ന് വ്യക്തമാക്കുമോ ? | (സി) | പട്ടികജാതി സംഘങ്ങൾ ഉണ്ടാക്കുന്ന ഉത്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിനും ഉൽപ്പനങ്ങൾ വിറ്റഴിക്കപ്പെടുന്നതിനും സാധിക്കുന്നുണ്ട്. ഗദ്ദിക മേളകളിലെ വിപണനത്തിനെത്തുന്ന സംരംഭകർക്ക് യാത്രാബത്ത, ദിനബത്ത എന്നിവ ഗദ്ദിക നടക്കുന്ന ജില്ലയിലെ ജില്ലാ പട്ടികജാതി വികസന ഓഫീസർ മുഖേന നൽകിവരുന്നു |

സെക്ഷൻ ഓഫീസർ